**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1352** **12-02-2025 - ൽ മറുപടിയ്ക്ക്**

**കുട്ടികളുടെ പഠന നിലവാരം ഉയർത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരം നിരീക്ഷിക്കാനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കുട്ടികളുടെ പഠന നിലവാരം നിരീക്ഷിക്കുന്നതും മെച്ചപ്പെടുത്തുന്നതും പ്രധാനമായും ക്ലാസ്സ് മോണിറ്ററിംഗിലൂടെയാണ്.<br><br>ഹെഡ്മാസ്റ്റർമാർ ക്ലാസുകൾ നിരീക്ഷിച്ച് പഠന നിലവാരവും അധ്യാപനവും വിലയിരുത്തുകയും മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും. SRG (School Resource Group) യോഗങ്ങളിൽ അധ്യാപകർ പഠനപ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാര മാർഗങ്ങൾ കണ്ടെത്തി നടപ്പാക്കുകയും ചെയ്യുന്നു. അധ്യാപകർ ടീച്ചിംഗ് മാനുവൽ ഉപയോഗിച്ച് കുട്ടികളുടെ പ്രവർത്തനങ്ങളും വിദ്യാഭ്യാസ നിലവാരവും നിരന്തരം വിലയിരുത്തുകയും ചെയ്യുന്നു. ക്ലാസ് അധ്യാപകർ മോണിറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കി കുട്ടികളുടെ പഠന പോരായ്മകൾ പരിഹരിക്കാൻ പ്രവർത്തിക്കുന്നു. അതോടൊപ്പം AEO, DEO, DD, DIETഅംഗങ്ങൾ എന്നിവർ സ്കൂൾ സന്ദർശനം നടത്തി വിലയിരുത്തലുകൾ നടത്തും. ഫലപ്രദമായ മോണിറ്ററിംഗ് നടപ്പിലാക്കുന്നതിന് വേണ്ടി ഈ വർഷം മേഖലാതലത്തിൽ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പരിശീലനം നൽകുകയും തുടർപ്രവർത്തനമെന്ന നിലയിൽ ഇവയുടെ വിലയിരുത്തൽ യോഗങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. SCERT, DIET (District Institute of Education and Training), SIEMAT എന്നിവയുടെ നേതൃത്വത്തിൽ പരിശീലന പരിപാടികൾ നടത്തി നിരന്തര വിലയിരുത്തലിലൂടെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്താൻ ആവശ്യമായ പിന്തുണ ഉറപ്പാക്കുന്നുണ്ട്. പഠന നിലവാരം നിർണയിക്കുന്നതിനും തുടർന്ന് മെച്ചപ്പെടുത്താനും കുട്ടികൾക്കായി സമഗ്ര ശിക്ഷാ കേരള പ്രത്യേക |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ പിന്തുണാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ പഠന നിലവാരവും പഠനപുരോഗതിയും നിരന്തരം വിലയിരുത്തുന്നതിന് KITE ന്റെ നേതൃത്വത്തിൽ Sampoorna Portal, Samagra Resource Portal, KITE VICTERS Channel, Exam Management System, PRISM തുടങ്ങിയ ഡിജിറ്റൽ സാങ്കേതിക സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ വ്യക്തിഗത പഠനനേട്ടം നിരീക്ഷിക്കാൻ സാങ്കേതിക പിന്തുണ നൽകുന്ന ഒരു പ്ലാറ്റ്ഫോമാണ് കൈറ്റ് മെന്ററിംഗ് പോർട്ടലായ 'സഹിതം'. വിദ്യാർത്ഥികളുടെ പ്രാദേശിക പഠന ആവശ്യങ്ങൾ കേന്ദ്രീകരിച്ച് മികവുറ്റ മാർഗനിർദ്ദേശം നൽകുകയും ക്ലാസുകൾ, ലൈവ് സെഷനുകൾ, റിപ്പോർട്ടിംഗ് സംവിധാനങ്ങൾ എന്നിവയിലൂടെ അക്കാദമികനിലവാരം മെച്ചപ്പെടുത്താനും സഹായിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരം വിശകലനം ചെയ്തിട്ടുണ്ടോ; | (ബി) | കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കുട്ടികളുടെ പഠന നിലവാരം നിരീക്ഷിക്കുന്നതും മെച്ചപ്പെടുത്തുന്നതും പ്രധാനമായും ക്ലാസ്സ് മോണിറ്ററിംഗിലൂടെയാണ്.<br><br>ഹെഡ്മാസ്റ്റർമാർ ക്ലാസുകൾ നിരീക്ഷിച്ച് പഠന നിലവാരവും അധ്യാപനവും വിലയിരുത്തുകയും മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും. SRG (School Resource Group) യോഗങ്ങളിൽ അധ്യാപകർ പഠനപ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാര മാർഗങ്ങൾ കണ്ടെത്തി നടപ്പാക്കുകയും ചെയ്യുന്നു. അധ്യാപകർ ടീച്ചിംഗ് മാനുവൽ ഉപയോഗിച്ച് കുട്ടികളുടെ പ്രവർത്തനങ്ങളും വിദ്യാഭ്യാസ നിലവാരവും നിരന്തരം വിലയിരുത്തുകയും ചെയ്യുന്നു. ക്ലാസ് അധ്യാപകർ മോണിറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കി കുട്ടികളുടെ പഠന പോരായ്മകൾ പരിഹരിക്കാൻ പ്രവർത്തിക്കുന്നു. അതോടൊപ്പം AEO, DEO, DD, DIETഅംഗങ്ങൾ എന്നിവർ സ്കൂൾ സന്ദർശനം നടത്തി വിലയിരുത്തലുകൾ നടത്തും. ഫലപ്രദമായ മോണിറ്ററിംഗ് നടപ്പിലാക്കുന്നതിന് വേണ്ടി ഈ വർഷം മേഖലാതലത്തിൽ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പരിശീലനം നൽകുകയും തുടർപ്രവർത്തനമെന്ന നിലയിൽ ഇവയുടെ വിലയിരുത്തൽ യോഗങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. SCERT, DIET (District Institute of Education and Training), SIEMAT എന്നിവയുടെ നേതൃത്വത്തിൽ പരിശീലന പരിപാടികൾ നടത്തി നിരന്തര വിലയിരുത്തലിലൂടെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്താൻ ആവശ്യമായ പിന്തുണ |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുന്നുണ്ട്. പഠന നിലവാരം നിർണയിക്കുന്നതിനും തുടർന്ന് മെച്ചപ്പെടുത്താനും കുട്ടികൾക്കായി സമഗ്ര ശിക്ഷാ കേരള പ്രത്യേക വിദ്യാഭ്യാസ പിന്തുണാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ പഠന നിലവാരവും പഠനപുരോഗതിയും നിരന്തരം വിലയിരുത്തുന്നതിന് KITE ന്റെ നേതൃത്വത്തിൽ Sampoorna Portal, Samagra Resource Portal, KITE VICTERS Channel, Exam Management System, PRISM തുടങ്ങിയ ഡിജിറ്റൽ സാങ്കേതിക സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ വ്യക്തിഗത പഠനനേട്ടം നിരീക്ഷിക്കാൻ സാങ്കേതിക പിന്തുണ നൽകുന്ന ഒരു പ്ലാറ്റ്ഫോമാണ് കൈറ്റ് മെന്ററിംഗ് പോർട്ടലായ 'സഹിതം'. വിദ്യാർത്ഥികളുടെ പ്രാദേശിക പഠന ആവശ്യങ്ങൾ കേന്ദ്രീകരിച്ച് മികവുറ്റ മാർഗനിർദ്ദേശം നൽകുകയും ക്ലാസുകൾ, ലൈവ് സെഷനുകൾ, റിപ്പോർട്ടിംഗ് സംവിധാനങ്ങൾ എന്നിവയിലൂടെ അക്കാദമികനിലവാരം മെച്ചപ്പെടുത്താനും സഹായിക്കുന്നു. |
| (സി) | കുട്ടികളുടെ പഠന നിലവാരം ഉയർത്താൻ എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ? | (സി) | കേരളത്തിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു. SCERT, SSK, KITE എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് ഇവ നടപ്പാക്കുന്നത്.<br><br>**1. <u>സമഗ്ര ശിക്ഷ കേരളം (Samagra Shiksha Kerala)</u>**<br><br>സർവ ശിക്ഷാ അഭിയാൻ (SSA), ദേശീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA), അധ്യാപകവിദ്യാഭ്യാസം (TE) എന്നീ മൂന്ന് പദ്ധതികളെ സംയോജിപ്പിച്ച് പ്രീ-പ്രൈമറി മുതൽ 12-ാം ക്ലാസ് വരെ സ്കൂൾ വിദ്യാഭ്യാസത്തെ സമഗ്രമായി പരിഗണിക്കുന്ന പദ്ധതിയാണ് സമഗ്ര ശിക്ഷ കേരളം. സ്കൂൾ വിദ്യാഭ്യാസത്തിലെ ഗുണനിലവാരം മെച്ചപ്പെടുത്തുക, സാമൂഹികവും ലിംഗപരവുമായ വിടവുകൾ നികത്തുക, എല്ലാവരേയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. സമഗ്ര ശിക്ഷയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നു. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ് - ഹലോ വേൾഡ് - ഇംഗ്ലീഷ് പഠന പരിപോഷണ പരിപാടി, സുരീലി ഹിന്ദി, സംസ്കൃത മാധുരി, അഹ്ലൻ അറബി, പ്യാരി ഉറുദു, ഹെൽപിംഗ് |

ഹാസ്റ്റ്, സചിത്ര പുസ്തകം (പിക്ചർ ഡയറി), സംയുക്ത ഡയറി, സർഗാത്മക ഡയറി, മഞ്ചാടി, അളക്കാം പഠിക്കാം, ഗണിതക്കിറ്റ്, ഗണിത വിജയം, ശാസ്ത്ര-ഗണിത ശാസ്ത്ര ക്ലബ് പ്രവർത്തനങ്ങൾ, ഗണിത ലാബ്, ഗണിത പാർക്ക്, ശാസ്ത്ര പഥം, ശാസ്ത്ര പാർക്ക്, ശലഭ പാർക്ക്, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള മെന്ററിംഗ്, ഉല്ലാസ ഗണിതം, സ്കൂൾ വെതർ സ്റ്റേഷൻ, സ്റ്റീം ഇക്കോസിസ്റ്റം, ക്രിയേറ്റീവ് കോർണർ, ശാസ്ത്ര കിറ്റ്, ലൈഫ്, ഭൂമിശാസ്ത്ര ലാബ്, ടിങ്കറിംഗ് ലാബ് എന്നിവയാണ് പ്രധാന പദ്ധതികൾ.

**2. <u>എസ്.സി.ഇ.ആർ.ടി. (SCERT)</u>**

സംസ്ഥാനത്തെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കാലാനുസൃതമായി മെച്ചപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്കരിച്ച് പുതുക്കിയിട്ടുണ്ട്. ഇത് വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിൽ നിർണായക പങ്കാണ് വഹിക്കുന്നത്.

**3. <u>കൈറ്റ് (Kerala Infrastructure and Technology for Education).</u>**

വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചച്ചെടുത്തുന്നതിനായി! വിവിധ സാങ്കേതിക പദ്ധതികൾ കൈറ്റ് നടപ്പിലാക്കുന്നു:

a. സമ്പൂർണ പോർട്ടൽ - വിദ്യാർത്ഥികളുടെ അക്കാദമിക് വിവരങ്ങൾ സംഗ്രഹിച്ച് നിരീക്ഷിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം.

b. സമഗ്ര റിസോഴ്സ് പോർട്ടൽ - പാഠപുസ്തകങ്ങൾ, വീഡിയോകൾ, മറ്റ് പഠന സാമഗ്രികൾ എന്നിവ ലഭ്യമായ ഡിജിറ്റൽ പഠന പ്ലാറ്റ്ഫോം.

c. കൈറ്റ് വിക്ടേഴ്സ് ചാനൽ - വിദ്യാഭ്യാസ വീഡിയോ ക്ലാസുകൾ പ്രക്ഷേപണം ചെയ്യുന്ന ചാനൽ.

d. പരീക്ഷാ മാനേജ്മെന്റ് സിസ്റ്റം- പരീക്ഷാ മാർക്ക് എൻട്രിയും ഫലപ്രഖ്യാപനവും ഡിജിറ്റലായി നടത്തുന്നതിനുള്ള സംവിധാനം.

4. സ്റ്റാർസ് പദ്ധതി - പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സമഗ്ര ശിക്ഷാ കേരളം സ്റ്റാർസ് പദ്ധതിയുമായി സംയോജിതമായി പ്രവർത്തിക്കുന്നു. ഈ പദ്ധതികൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം

| | | | |
|---|---|---|---|
| | | | മെച്ചപ്പെടുത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു.<br><br>5. വിദ്യാകിരണം പദ്ധതി - വിദ്യാഭ്യാസരംഗത്തെ ഭൗതികവും അക്കാദമികവുമായി മെച്ചപ്പെടുത്താൻ പൊതുവിദ്യാഭ്യാസ വകുപ്പ് പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന് തുടർച്ചയായി വിദ്യാകിരണം മിഷൻ നടപ്പിലാക്കി വരുന്നു. സ്കൂളുകൾക്ക് ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിനോടൊപ്പം അക്കാദമിക പ്രവർത്തനങ്ങളുടെ ഏകോപനവും നിർവഹിക്കുന്നത് വിദ്യാകിരണമാണ്. കേരള സർക്കാർ നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പരിപാടിക്ക് നേതൃത്വം നൽകുന്നതും പൊതു വിദ്യാഭ്യാസ വകുപ്പിനു വേണ്ടി വിദ്യാകിരണം മിഷനാണ്.<br><br>6. പഠന പിന്തുണാ പരിപാടി - നിരന്തര വിലയിരുത്തലിന്റെയും ടേം വിലയിരുത്തലിന്റെയും ഭാഗമായി ക്ലാസ്മുറിയിൽ പിന്നാക്കാവസ്ഥയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പരിഹാരബോധന പ്രവർത്തനങ്ങൾ നടത്തുന്ന പ്രത്യേകമായ പ്രവർത്തനം സർക്കാർ നടപ്പിലാക്കുന്നു. പഠന പിന്തുണ പരിപാടി എന്ന പേരിലുള്ള ഈ പ്രവർത്തനം പ്രധാനമായും ടേംപരീക്ഷകൾക്ക് ശേഷം നിശ്ചിതശേഷികൾ ആർജിക്കാത്ത കുട്ടികൾക്ക് ഒരു പ്രത്യേക കാലയളവിനുള്ളിൽ ആ ശേഷികൾ ആർജജിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കി കൊടുക്കലാണ്. വിദ്യാലയ കേന്ദ്രീകൃതമായി നടക്കുന്ന ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത് അതാത് വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകരും ക്ലാസ് അധ്യാപകരുമാണ്. |

സെക്ഷൻ ഓഫീസർ